വാർത്താക്കുറിപ്പ്
**2026 ഒക്ടോബർ 10**

മഹാത്മാഗാന്ധി സർവകലാശാലയിൽ ക്യാൻസർ നാനോടെക്നോളജി അന്താരാഷ്ട്ര ശിൽപശാല

മഹാത്മാഗാന്ധി സർവകലാശാലയിൽ ക്യാൻസർ നാനോടെക്നോളജിയിലെ പുതിയ മാറ്റങ്ങളെ സംബന്ധിച്ച് മൂന്ന ദിവസം നീണ്ടുനിൽക്കുന്ന അന്താരാഷ്ട്ര ശിൽപശാല സംഘടിപ്പിച്ചു.

കേന്ദ്രസർക്കാരിന്റെ സ്പാർക്ക് പദ്ധതിയുടെ ഭാഗമായ ഗവേഷണ പ്രൊജക്ടിന്റെ പശ്ചാത്തലത്തിലാണ് ഒക്ടോബർ 8 മുതൽ 10 വരെ ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജിയുടെ നേതൃത്വത്തിൽ ശിൽപശാല സംഘടിപ്പിച്ചത്.

കാൻസർപ്രതിരോധം, രോഗനിർണ്ണയം എന്നിവയിൽ നാനോടെക്നോളജിയുടെ പുതിയ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്ത ശിൽപശാലയിൽ ആഗോളതലത്തിലെ പ്രമുഖ ശാസ്ത്രജ്ഞരും ഗവേഷകരും വിദ്യാർത്ഥികളും പങ്കെടുത്തു.

ഒക്ടോബർ 8ന് മുൻ വൈസ് ചാൻസലറും നാനോടെക്നോളജി മേഖലയിലെ പ്രശസ്ത ശാസ്ത്രജ്ഞനുമായ പ്രൊഫ. (ഡോ.) സാബു തോമസ്, ദക്ഷിണാഫ്രിക്കയിലെ ജൊഹാനസ്ബർഗ് സർവകലാശാലയിലെ കെമിക്കൽ സയൻസസ് ഡിപ്പാർട്ട്മെന്റിലെ പ്രൊഫ. സാമുവൽ ഒലുവാറ്റോബി ഒലുവാഫെമി എന്നിവർ ചേർന്ന് ശിൽപശാല ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം പ്രൊഫ. (ഡോ.) രാജേഷ് കോമത്ത്, സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് നാനോടെക്നോളജി ജോയിന്റ് ഡയറക്ടർ ഡോ. ശ്രീകല എം. എസ്, സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി ഫാക്കൽറ്റി ഡോ. അജി എം.എൻ., സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് നാനോടെക്നോളജി ഫാക്കൽറ്റിമാരായ ഡോ. രാജി വി., ഡോ. ജോഷി. കെ. എസ്., സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. പ്രമോദ് കെ, എന്നിവർ പങ്കെടുത്തു.

ശിൽപശാലയിൽ അവതരിപ്പിച്ച ഗവേഷണങ്ങളിൽ നിന്ന് മികച്ച പോസ്റ്റർ, മികച്ച അവതരണം എന്നിവ തിരഞ്ഞെടുത്തു. നാനോ ആർട്ട്, നാനോ ഇന്നവേഷൻ മത്സരങ്ങളും ശിൽപശാലയുടെ ഭാഗമായി സംഘടിപ്പിച്ചു. വിജയികൾക്ക് ഒക്ടോബർ 10ന് നടന്ന സമാപന സമ്മേളനത്തിൽ അവാർഡുകൾ കൈമാറി.

പി.ആർ.ഒ/911/2026

പബ്ലിക് റിലേഷൻസ് ഓഫീസർ